"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 24.06.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - അഗളി ഗ്രാമപഞ്ചായത്തിലെ 8 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകുവാൻ അനുമതി നല്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡി ഡി ) വകുപ്പ്

സ.ഉ.(സാധാ) നം.1531/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/08/2020

---

പരാമർശം:- 1 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2020 ലെ കത്ത്

2 24.06.2020 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.31 നമ്പർ തീരുമാനം

ഉത്തരവ്

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ അഗളി ഗ്രാമപഞ്ചായത്തിലെ ഭൂതിവഴി ഊരിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇരുള വിഭാഗത്തിൽപ്പെട്ട 11 കുടുംബങ്ങൾക്ക് 2015-16 വർഷം ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതി മുഖേന വീടിന് ധനസഹായം അനുവദിച്ചിരുന്നു. ഇതിൽ 3 കുടുംബങ്ങൾക്ക് . ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ചു നല്കി. ബാക്കിയുള്ള 8 കുടുംബങ്ങൾക്ക് വീടിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് അനുസരിച്ച് താഴെപ്പറയും പ്രകാരം തുക ആവശ്യമാണ്;

| ഗുണഭോക്താക്കൾ | ആവശ്യമായ തുക (രൂപയിൽ) |
|---|---|
| 1. പാപ്പാൾ w/o ഉകിലൻ | 99,269/- |
| 2. മീനാക്ഷി D/o രങ്കൻ | 97,572/- |
| 3. ദേവി w/o മരുതൻ | 98,299/- |
| 4. രാജമ്മ w/o പൊന്നൻ | 99,026/- |
| 5. രേശി w/o മണി | 98,287/- |
| 6. വനജ w/o രവി | 99,046/- |
| 7. മീനാക്ഷി w/o വെള്ളിങ്കിരി | 98,307/- |
| 8. രാജേശ്വരി w/o മുരുകൻ | 99,046/- |
| ആകെ | 7,88,852/- |

2) ടി വീടുകൾ പൂർണ്ണമായും താമസയോഗ്യമാക്കുന്നതിന് ബ്ലോക്ക്പഞ്ചായത്ത് പ്ലാൻ ഫണ്ടോ, തനത് ഫണ്ടോ ഉപയോഗിച്ചു പ്രൊജക്റ്റ് തയ്യാറാക്കി, മേൽ പട്ടിക പ്രകാരം 7,88,852/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി തരണമെന്ന് പരാമർശം (1) പ്രകാരം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച, 24.06.2020-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം, മേൽ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകാൻ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണത്തിന് തുക തികയാതെ വന്നാൽ ആവശ്യമായ അധിക തുക ഉപയോഗിക്കേണ്ടതാണെന്നും തുക ഗുണഭോക്താവിനു നൽകാതെ വാസയോഗ്യമായ വീട് തദ്ദേശഭരണ സ്ഥാപനം നിർമ്മിച്ചു

നൽകണമെന്നും ഇതിൽ കാലതാമസമുണ്ടാകരുതെന്നും ഇത് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മോണിട്ടർ ചെയ്യണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

3) മേൽ വിവരിച്ച സാഹചര്യത്തിൽ, പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് മേൽ പട്ടികയിലെ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണത്തിന് തുക തികയാതെ വന്നാൽ ആവശ്യമായ അധിക തുക ഉപയോഗിക്കേണ്ടതാണ്. തുക ഗുണഭോക്താവിനു നൽകാതെ വാസയോഗ്യമായ വീട് തദ്ദേശഭരണ സ്ഥാപനം നിർമ്മിച്ചു നൽകണം. ഇതിൽ കാലതാമസമുണ്ടാകരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു. ഇത് മോണിട്ടർ ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**JAYASREE P N**
**അണ്ടർ സെക്രട്ടറി**

പകർപ്പ്:
പ്രസിഡന്റ്/സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്)
അക്കൗണ്ടന്റ് ജനറൽ (എ & ഇ )
വെബ് & ന്യൂ മീഡിയ ( ഐ & പി.ആർ.ഡി )
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.( ഡി.എ.) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 11:37:48 IST
Reason: Approved
സെക്ഷൻ ഓഫീസർ